രാമചരിതം: നൂറ്റിയൻപത്തൊന്നാം പടലം

വ്യാഖ്യാ: ഡോ. ആതിര ടി ആർ



രാമചരിതം: ന്യൂറിയൻപത്തൊന്നാം പടലം
വ്യാഖ്യാതാവ്: ഡോ. ആതിര ടി ആർ
(മലയാളം: കവിത)

Editorial content © 2023, Dr. Athira T R

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution ShareAlike license for free download and usage.

Bharata Shoots at Hanuman as He Flies Over with the Medicinal Herbs, a painting by Anonymous. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

രാമചരിതം:
നൂറ്റിയൻപത്തൊന്നാം പടലം

സംഗ്രഹം

നീലൻ വീണതോടെ വന്നെത്തിയ ലക്ഷ്മണനും രാവണനും തമ്മിൽ പൊരുതുന്നു. രാവണന്റെ വേലേറ്റു വീണ ലക്ഷ്മണനെ ഹനുമാൻ എടുത്തുകൊണ്ടുപോയി രാമന്റെ മുന്നിൽ കിടത്തുന്നു. പിന്നെ രാമനും രാവണനും തമ്മിലായി യുദ്ധം. രാവണൻ രാമനോട് പരാജയപ്പെടുന്ന സന്ദർഭത്തിൽ ലങ്കയിൽ ചെന്ന് കുംഭകർണ്ണനെ ഉണർത്താൻ പറയുന്നു. ഉണർന്ന കുംഭകർണ്ണൻ ജ്യേഷ്ഠന്റെ പ്രവൃത്തിയെ നിന്ദിച്ചെങ്കിലും വണങ്ങി യുദ്ധക്കളത്തിലേക്ക് പുറപ്പെടുന്നു. അവിടെച്ചെന്ന് കുംഭകർണ്ണൻ വാനരന്മാരെ വാരി വിഴുങ്ങുന്നു. അംഗദൻ എതിർക്കുന്നു. ഹനുമാൻ ഒരു മലയെടുത്തെറിയുന്നു. കുംഭകർണ്ണൻ ഹനുമാനു നേരെ ശൂലം പ്രയോഗിക്കുന്നു. ഹനുമാൻ അതേറ്റു വീഴുന്നു.

പാട്ട് 1

വീഴ്ന്തപോതിളൈയ മന്നൻ
 വിരൈവിനോടണൈന്തനേരം
താൻതിരിന്തെയ്താനപ്പോൾ
 തായകമിലങ്ക മന്നൻ
ആന്തരമായി വേന്തനറുത്തു
 മുറിത്തുകൂട-
പ്പായ്ന്തുടൻ നെറ്റിതന്മേൽ
 പതിക്കുമാറെയ്താനപ്പോൾ.

നീലന്റെ പതനത്തിനുശേഷം പടക്കളത്തിലെത്തിയ ലക്ഷ്മണനെ രാവണൻ അമ്പെയ്തു. ലക്ഷ്മണനാകട്ടെ ആ സന്ദർഭത്തിൽ അതു മുറിച്ചിട്ട് രാവണന്റെ നെറ്റി ലാക്കാക്കി തിരിച്ചെയ്തു.

കുറിപ്പ്

വിരവിൽ — വേഗത്തിൽ
വേന്തൻ — രാജാവ്
ഇലങ്കമന്നൻ — ലങ്കാധിപതി

പാട്ട് 2

അപ്പൊഴുതൊരു ചരത്താല
 ണിചില മുറിത്തുവിട്ടാൻ
കെല്പഴന്തിലങ്കമന്നൻ
 കേവലം വേലെടുത്തു
ചില്പ്പമായ്ച്ചാടിയപ്പോൾ
 ചിക്കെന മന്നൻ മെയ്യിൽ
തപ്പാതെ വേൽ നടന്തു
 താപമാണ്ടരചൻ വീഴ്ന്താൻ.

ലക്ഷ്മണൻ അമ്പെയ്ത് രാവണന്റെ ഭംഗിയാർന്ന വില്ല് മുറിച്ചിട്ടു. വീര്യം നഷ്ടമായ രാവണൻ വേൽ എടുത്ത് പെട്ടെന്ന് ലക്ഷ്മണന്റെ ദേഹത്തേക്ക് എറിഞ്ഞു. ലക്ഷ്യം തെറ്റാതെ ശൂലം ലക്ഷ്മണന്റെ ദേഹത്തു തറച്ച് കൊണ്ട് ലക്ഷ്മണൻ വീണു.

കുറിപ്പ്

ചിക്കെന — പെട്ടെന്ന്
തപ്പാതെ — തെറ്റാതെ

പാട്ട് 3

വീഴ്ന്തപോതടുത്തെടുത്താൻ
 വിരൈവിനോടിലങ്കമന്നൻ
നാണമാണ്ടരുതാഴ്ന്തതപ്പോൾ
 നടന്തനനുടനേ കൂട
കേണു ചെൻറുടനെടുത്തു
 കേവലമരചൻ മുമ്പിൽ
ചേണെഴയാക്കിനേൻ വേൽ
 തെറ്റനപ്പോയിതപ്പോൾ.

ലക്ഷ്മണൻ വീണപ്പോൾ ഉടനേ രാവണൻ വീണ്ടും ആക്രമിക്കാനടുത്തു. അതു സാധിക്കാതെ നാണംകെട്ട് ഉടനെ നടന്നു. ഞാൻ ശ്രദ്ധയോടെ ലക്ഷ്മണനെ ചെന്നെടുത്ത് ശ്രീരാമന്റെ മുന്നിൽ കിടത്തി. വേൽ പെട്ടെന്ന് അപ്രത്യക്ഷമാവുകയും ചെയ്തു.

കുറിപ്പ്

ചേണെഴയാക്കിനേൻ — ഭംഗിയായി വച്ച
വിരൈവ് — വേഗം

പാട്ട് 4

അപ്പൊഴുതരചൻ കൂടത്തൈ
 ത്തുടനരക്കർ കോനൈ-
ച്ചെപ്പിനാനുടലപ്പോൾ ചെകത്തിട
 വീഴും വണ്ണം
കപ്പാതെയരചൻ തന്നത്തുക്കെ
 നയെടുത്തേനപ്പോൾ
കെല്പെഴരക്കർ വേന്തൻ കേടറും
 വണ്ണ മെയ്താൻ.

ഉടനെ രാമൻ രാവണനെ എതിർത്തു. അവന്റെ ശരീരം നിലത്തുവീഴത്തക്കവണ്ണം ശക്തമായി രാമൻ പോരാടി. ഞാൻ ചെന്ന് രാമനെ തോളിലേറ്റി. രാക്ഷസരാജാവും തുടരെ എയ്തു.

കുറിപ്പ്

അരക്കർ — രാക്ഷസന്മാർ
അരചൻ — രാജാവ്

പാട്ട് 5

എയ്തതെന്നെറ്റിതന്മേലേറ്റ
 പോതിളകിനൻറായ്-
പ്പെയ്തനൻ പകഴിയെന്മേൽ
 പേർത്തുമന്നരക്കർകോമാൻ
കൈതവമെന്നി മന്നൻ
 കടുപ്പമായെയ്ത വാണം
മെയ്തന്നിൽ പായ്ന്തരക്കൻ
 വേവും പൂണ്ടുടനെ നിൻറാൻ.

രാവണനെയ്ത ബാണം നെറ്റിമേൽ ഏറ്റ് ഞാൻ വല്ലാതെ വിറച്ചുപോയി. രാക്ഷസരാജാവ് എന്റെ മേൽ അമ്പുകളെയ്തുകൊണ്ടിരുന്നു. എന്നാൽ കൃത്യമായി രാമനെയ്ത ബാണം മെയ്യിൽ തറച്ച് രാക്ഷസൻ പതറി നിന്നുപോയി.

കുറിപ്പ്

പകഴി — വീണ്ടും
അരക്കർകോമാൻ — രാക്ഷസാധിപൻ
പായ്ന്ത് — പാഞ്ഞ്
വാണം — ബാണം

പാട്ട് 6

നിൻറവൻറേരും വില്ലും
 നിമിഴത്തിൽ മുറിത്തുമന്ന-
നൻറുടൻ കൊടിയും കൂടയറ
 ക്കളൈന്തുരൈത്താനപ്പോൾ
ഇൻറു നീ മുടിവതാകിയിനി
 കൊടിതേരും വില്ലും
ചെൻറുകൊണ്ടുടനേ വൻറു
 ചെറുപ്പതിനഴകേയുള്ളു.

രാവണന്റെ തേരും വില്ലും നിമിഷംകൊണ്ട് രാമൻ മുറിച്ചു. എന്നിട്ടുടനേ കൊടിയും കുടി നിശ്ശേഷം കളഞ്ഞു കൊണ്ട് രാമൻ പറഞ്ഞു: ഇന്ന് നിന്റെ മരണത്തിനായി കൊടിയും തേരും വില്ലും എടുത്തു കൊണ്ടു വരിക. അപ്പോഴെ യുദ്ധം വേണ്ട പോലെ ആയി വരൂ...

കുറിപ്പ്

നിൻറവൻറെർ — നിന്ന അവൻറെ തേര്
നിമിഴം — നിമിഷം
ഉരൈത്താൻ — പറഞ്ഞു

പാട്ട് 7

അഴകിതെന്നരചൻ ചൊല്ല
 യഴതുടനിലങ്ക മന്നൻ
പഴതുമെല്ലകത്തു പുക്കു വടിവെഴ
 യുരൈത്താനപ്പോൾ
ഉഴറിയെൻറമ്പിതന്നയുണർത്തുക
 നീങ്കളെൻറ
പൊഴുതുടനവരുമപ്പോൾ പൊട്ടു
 ക്കെന യുണർത്തിനാരേ.

അതാണു ശരി എന്നു രാമൻ പറഞ്ഞപ്പോൾ രാവണൻ തക്കം നോക്കി അകത്തു കടന്നുകൊണ്ട് ആജ്ഞാപിച്ചു—എന്റെ അനുജനായ കുംഭകർണ്ണനെ നിങ്ങൾ പെട്ടെന്ന് ഉണർത്തുക. അപ്പോൾ രാക്ഷസർ പോയി കുംഭകർണ്ണനെ ഉണർത്തി.

കുറിപ്പ്

പുക്ക് — ചെന്ന്
എൻറമ്പി — എൻ തമ്പി (എന്റെ അനുജൻ)
പൊട്ടുക്കെന — പെട്ടെന്ന്

പാട്ട് 8

ഉണർത്തിയ പൊഴുതുണർ
 ന്തുടനുടൻ കേട്ടനേര-
മിണക്കമെൻറിപ്പിഴൈത്തുള
 നിനിയെൻറു നിച്ചയിത്തേ
വണക്കമായരചൻ തന്ന
 വാചകം ചൊൻറ ചൊല്ലാൽ
കണക്കറ വളരും കുമ്പകരുണ
 നപ്പടി നടന്താൻ.

ഉണർത്തിയപ്പോൾ തന്നെ നടന്നതെല്ലാം കുംഭകർണ്ണൻ കേട്ടു. രാവണന്റെ ചെയ്തികളോട് യോജിപ്പില്ലെങ്കിലും ലങ്കേശനെ വണങ്ങി പറഞ്ഞതനുസരിക്കാൻ നിശ്ചയിച്ചു. ഭീമാകാരനായ കുംഭകർണ്ണൻ പോർക്കളത്തിലേക്കു നടന്നുതുടങ്ങി.

കുറിപ്പ്

പിഴൈന്തു — പിഴച്ചു
നിച്ചയം — നിശ്ചയം

പാട്ട് 9

നടന്തവൻ കടന്തിലങ്കാ
 വനമതിൽ മിതേവന്തേ
പടർന്ത വാനരങ്കളെങ്കും
 പായ്ന്തുപോയ് വീണ്ണനേരം
തടൈന്തുടൻ വിവിതനപ്പോൾ
 തടുക്കെന മലയെറിന്ത-
തുടൈന്തുപോയ് ചൂലമേന്തി
 യുഴറിവന്തവനെറിന്താൻ.

അവൻ നടന്ന് യുദ്ധമുഖത്തെത്തി. അപ്പോൾ വാനരങ്ങളൊക്കെ പാഞ്ഞു പോയി വീണു. അന്നേരം വിവിദൻ വന്ന് കുംഭകർണ്ണനെ മലയെറിഞ്ഞ് തടഞ്ഞു. കുംഭകർണ്ണൻ ഒരു ശൂലവുമേന്തി വന്നുഴറി എറിഞ്ഞപ്പോൾ അതു തകർന്നുപോയി.

കുറിപ്പ്

ചൂലം — ശൂലം

പാട്ട് 10

എറിന്തവന്തന്നവന്തിട്ടെൻറും
 മുന്നണൈന്തനേരം
തിറന്തകം കവികൾ തമ്മെ
 തിട്ടെന വിഴുങ്കിയും പിൻ
പറന്തപോലുടനേ മണ്ടും
 പടയോടും വാലിമൈന്തൻ
പറന്തുവന്തളവു യാനും
 പാരമാം മലയെറിന്തേൻ.

ശൂലമെറിഞ്ഞ് മലതകർത്ത് മുന്നേറിയ കുംഭകർണ്ണൻ മുൻപിൽ പാഞ്ഞെത്തിയ കരുത്തുള്ള കപികളെ പെട്ടെന്നു വിഴുങ്ങി. പിന്നീട് പറന്നപോലെ ഓടിവന്ന പടയോടുകൂടി അംഗദൻ എത്തി. ഞാൻ കുംഭകർണ്ണനെ വലിയ ഒരു മലയെടുത്തെറിഞ്ഞു.

കുറിപ്പ്

തിറം — കരുത്ത്
തിട്ടെന — പെട്ടെന്ന്
പാരം — ഭാരം

പാട്ട് 11

മലകൊണ്ടൊൻറെറിന്തനേരം
 വളർന്തവൻ ചിനമുലാവി-
യലകലകാകുമാറണൈന്തുടൻ
 ചൂലംകൊണ്ടേ
വെലമൊടു കുതർന്തു യാനും
 വീണളവുടനേ കൂട-
പ്പലമലകൊണ്ടെറിന്താർ
 പാരമായരിവരന്മാർ.

ഞാൻ മലകൊണ്ടെറിഞ്ഞപ്പോൾ കുംഭകർണ്ണൻ എന്നെ ശരീരം തകരുമാറ് ശൂലം കൊണ്ട് ബലമായി പ്രഹരിച്ചു. ഞാൻ വീണു. അപ്പോൾ വാനരവരന്മാർ അവനെ അനേകം മലകളെടുത്തെറിഞ്ഞു.

കുറിപ്പ്

അലകലകായി — വേറെവേറെയായി
കുതർന്തു — പ്രഹരിച്ചു

ഡോ. ആതിര ടി ആർ



അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുകയോ, ഈ വെബ് പേജിൽ കമന്റുകളായി ചേർക്കുകയോ ചെയ്യുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014